(സി) ഇതിനുള്ള കാരണങ്ങൾ എന്താണ്;

(ഡി) ഇവ പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) പത്രവാർത്ത ഉണ്ടായിരുന്നു. എന്നാൽ കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെയുള്ള നിക്ഷേപത്തിലും ചെറുകിട വ്യവസായ മേഖലയിലെ നിക്ഷേപത്തിലും കുറവ് അനുഭവപ്പെട്ടിട്ടില്ല.

(ബി)-(ഡി) ഇതു സംബന്ധിച്ച റിപ്പോർട്ട് പരിശോധിക്കുന്നതാണ്.

റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടി

3 (1340) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി കേരളത്തിൽ ധാരാളമായി ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന റബ്ബർ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്ന റബ്ബറിന്റെ 80%ഉം കേരളത്തിലാണെന്നിരിക്കെ അതിന്റെ 15 ശതമാനംപോലും ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ഇപ്പോൾ ഇവിടെ ഇല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റബ്ബർ വ്യവസായം സംസ്ഥാനത്ത് നിലനിർത്തുവാൻ വേണ്ടി ഇവിടെ ഉല്പാദിപ്പിക്കുന്നതിന്റെ 50 ശതമാനമെങ്കിലും റബ്ബർ അസംസ്കൃത വസ്തുവായുള്ള റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുവാനുള്ള സത്വര നടപടി സർക്കാർ സ്വീകരിക്കുമോ;

(ഡി) കേരളത്തിന്റെ പ്രധാന ഉല്പന്നമായ റബ്ബറിന്റെ മാർക്കറ്റിംഗിനെ ദോഷകരമായി ബാധിക്കുന്ന വിധത്തിലുള്ള റബ്ബർ ഇറക്കുമതി നിർത്തലാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) റബ്ബർ അധിഷ്ഠിത വ്യവസായം ഊന്നൽ മേഖല വ്യവസായ വിഭാഗത്തിൽപ്പെടുത്തി പ്രത്യേക പ്രോത്സാഹനവും പരിഗണനയും നൽകിവരുന്നു. പുതിയ വ്യവസായ നയത്തിലൂടെ ഈ വിഭാഗത്തിലുള്ള വ്യവസായങ്ങൾക്കായി പുതിയ വ്യവസായ പാർക്ക് ആരംഭിച്ചുവരുന്നു. ഓരോ വ്യവസായ പാർക്കും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി വികസിപ്പിച്ചെടുക്കുന്നതാണ്. എറണാകുളം ജില്ലയിൽ കുന്നത്തുനാട് മണ്ഡലത്തിൽ ഐരാപുരം എന്ന സ്ഥലത്ത് ഒരു റബ്ബർ പാർക്ക് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് മാത്രമായി സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ പുതിയ ഇത്തരം പാർക്കുകൾ വികസിപ്പിച്ചെടുക്കുവാൻ രൂപരേഖ തയ്യാറായി വരുന്നു. റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ പുരോഗതിക്കായി സംസ്ഥാനത്തുടനീളം ശില്പശാലകൾ, ടെക്നോളജി ക്ലിനിക്കുകൾ, വ്യവസായ സംരംഭകത്വ പരിശീലന പരിപാടികൾ എന്നിവ വ്യവസായ വകുപ്പിന്റെ കീഴിൽ നടത്തിവരുന്നു. ഇതു കൂടാതെ പ്ലാസ്റ്റിക്കിനു പകരമായി റബ്ബർ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ പ്രോത്സാഹിപ്പിക്കുവാൻ നടപടി എടുത്തുവരുന്നു. റോഡുകൾ റബ്ബറൈസ് ചെയ്യുന്നതിനുള്ള രൂപരേഖയും തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ്

4 (1341)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവിലേക്ക് 8.6.1993നു ശേഷം നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ എത്ര;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് 28.10.1999-ൽ 94 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പരസ്യപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഡിപ്പാർട്ടുമെന്റിലെ സാങ്കേതിക മാനേജ്മെന്റ് വിദഗ്ദ്ധരുടെ കുറവ് പരിഹരിക്കുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 8.6.1993-നു ശേഷം നിയമനം നടത്തിയിട്ടില്ല.

(ബി) രണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

"ടി.ടി.പി.യിൽ നിന്നുള്ള മാലിന്യങ്ങൾമൂലം രോഗം"

5 (1343)ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. പാലോട് രവി :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നിന്നുള്ള മലിനജലവും വിഷപ്പുകയുംമൂലം സ്ഥലവാസികൾക്ക് എന്തെല്ലാംവിധത്തിലുള്ള രോഗം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഇതിനു പരിഹാരമായി ടി.ടി.പി. തദ്ദേശീയർക്ക് എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly